പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റ്

180 (7743) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ ഓരോ വിഭാഗത്തിലുമുള്ള ഉദ്യോഗസ്ഥർ എത്രയാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത യൂണിറ്റിൽ എം.ടി., എസ്.ഐ. മുതലായവരുടെ അധികാര പരിധി, ധനവിനിയോഗ പരിധി ഇവ നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) നിലവിൽ പോലീസ് മോട്ടോർ വാഹന യൂണിറ്റിൽ എത്ര വാഹനങ്ങൾ ഉണ്ട് ; ആയതിന് ആനുപാതികമായി ഉദ്യോഗസ്ഥർ ഉണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ അധികാരപരിധി, ധനവിനിയോഗ മാനദണ്ഡം എന്നിവ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും തദ്വാര പോലീസ് വാഹനങ്ങൾ സമയബന്ധിതമായി മെയിന്റനൻസ്ചെയ്ത് ധനനഷ്ടമുണ്ടാകാതെ തടയുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പോലീസ് വകുപ്പിൽ മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിലുള്ള ഉദ്യോഗസ്ഥരുടെ വിശദാംശം ചുവടെ പറയുന്നു :

സൂപ്രണ്ട് ഓഫ് പോലീസ് (മോട്ടോർ ട്രാൻസ്പോർട്ട്) :

പോലീസ് ആസ്ഥാനം -1

അസിസ്റ്റന്റ് ഡയറക്ടർ (മോട്ടോർ ട്രാൻസ്പോർട്ട് സ്റ്റഡീസ്) :

കേരള പോലീസ് അക്കാഡമി -1

ഡി.വൈ.എസ്.പി (മോട്ടോർ ട്രാൻസ്പോർട്ട്) :

പോലീസ് ആസ്ഥാനം -1

സൗത്ത് സോൺ -1

നോർത്ത് സോൺ -1

എറണാകുളം റേഞ്ച് -1

ഐ.ആർ ബറ്റാലിയൻ -1

LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ :

തിരുവനന്തപുരം സിറ്റി-1

എറണാകുളം സിറ്റി -1

കോഴിക്കോട് സിറ്റി-1

ക്രൈംബ്രാഞ്ച് വിഭാഗം-1

എം.എസ്.പി. റേഞ്ച് വർക്ക് ഷോപ്പ്-1

ഐ.ആർ.ബറ്റാലിയൻ-1

മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ :

കൊല്ലം സിറ്റി-1

ആലപ്പുഴ-1

തൃശ്ശൂർ സിറ്റി-1

പാലക്കാട്-1

കണ്ണൂർ-1

ആർ.ആർ.ആർ.എഫ്-1

(ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇരുചക്രവാഹനങ്ങളും ബോട്ടുകളും ഉൾപ്പെടെ പോലീസ് മോട്ടോർ വാഹനയൂണിറ്റിൽ ആകെ 6947 വാഹനങ്ങളുണ്ട്. വാഹനങ്ങൾക്ക് ആനുപാതികമായി ഉദ്യോഗസ്ഥർ നിലവിലില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ സാമ്പത്തിക പരിതസ്ഥിതിയിൽ ടി അവസ്ഥ പരിഹരിക്കാൻ നിർവ്വാഹമില്ല.

(ഡി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. പോലീസ് വാഹനങ്ങൾ യഥാസമയം മെയിന്റനൻസ് ചെയ്യുന്നുണ്ട്.

ഫയർ & റെസ്ക്യൂ വകുപ്പിലെ പ്രശ്നങ്ങൾ

181 (7744) ശ്രീ. എളമരം കരീം :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ & റെസ്ക്യൂ വകുപ്പിലെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയ മുൻ കമാൻഡിംഗ് ജനറലിന്റെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly